A | 505

# സമഗ്ര ശിക്ഷ, കേരളം

## പാദവാർഷിക മൂല്യനിർണയം 2018–19

ക്ലാസ് : 5 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എ, ബി, സി എന്നിങ്ങനെ നൽകിയിട്ടുള്ള എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

### പ്രവർത്തനം – 1

എ. ശിലായുഗകാലഘട്ടത്തിലെ സവിശേഷതകളിൽപെടാത്തത് എടുത്തെഴുതുക.

A. പരുക്കൻ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചു.

B. കൃഷിയുടെ ആരംഭം കുറിച്ചു.

C. വെങ്കലം കൊണ്ടുള്ള ഉപകരണങ്ങൾ ഉണ്ടാക്കി

D. മൃഗങ്ങളെ വേട്ടയാടി ഭക്ഷിച്ചു.

■ **നമ്മുടെ നിത്യജീവിതത്തിൽ ഒഴിവാക്കാനാവാത്ത ഒന്നാണ് തീയുടെ ഉപയോഗം. ശിലായുഗ കാലഘട്ടത്തിലാണ് മനുഷ്യൻ തീ ഉപയോഗിക്കാൻ തുടങ്ങിയത്. തീപ്പെട്ടിയുടെ കണ്ടുപിടുത്തത്തോടെ സുരക്ഷിതമായി തീ കൊണ്ടുനടക്കാവുന്ന തലത്തിലേക്ക് നാം ഉയർന്നു.**

ബി. **തീ ഉപയോഗപ്പെടുത്തുന്നതിനു മുമ്പുള്ള കാലഘട്ടത്തിലെ മനുഷ്യജീവിതം.... വിവരിക്കുക.**

സി. **തീ കണ്ടുപിടിച്ചില്ലായിരുന്നുവെങ്കിൽ നാം ഇന്നു കാണുന്ന ലോഹ ഉപകരണങ്ങളൊന്നും തന്നെ നിർമിക്കുവാൻ കഴിയുമായിരുന്നില്ല എന്നു പറയാൻ കാരണമെന്ത്?**

### പ്രവർത്തനം – 2

■ **1498–ൽ വാസ്കോഡഗാമ ഇന്ത്യയിൽ എത്തിയതുമുതൽ 1947–ൽ ഇന്ത്യ സ്വതന്ത്രയാവുന്നതുവരെയുള്ള കാലത്തെ ഇന്ത്യാ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ താഴെ കൊടുക്കുന്നു.**

എ. പട്ടിക പൂർത്തിയാക്കുക.

| വർഷം | സംഭവം | നൂറ്റാണ്ട് |
|---|---|---|
| CE 1498 | വാസ്കോഡഗാമ ഇന്ത്യയിൽ എത്തി | ........................ |
| CE 1600 | ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചു | 16–ാം നൂറ്റാണ്ട് |
| CE 1757 | പ്ലാസി യുദ്ധത്തിൽ ഇംഗ്ലീഷുകാർ വിജയിച്ചു | ........................ |
| CE 1947 | ഇന്ത്യ സ്വതന്ത്രമായി | ........................ |

ബി. കൊല്ലവർഷം ആരംഭിച്ചത് CE 825–ൽ ആയിരുന്നു. ഇത് ഏത് നൂറ്റാണ്ടിലാണ്?

സി. ഇപ്പോൾ ഏത് നൂറ്റാണ്ടാണ്?

പ്രവർത്തനം - 3

എ. കുടുംബാംഗങ്ങളെ ഒരുമിച്ചു നിർത്തുന്ന നിരവധി ഘടകങ്ങൾ ഉണ്ട്. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ കുടുംബത്തിന്റെ സവിശേഷതകളിൽപെടാത്തവ എടുത്തെഴുതുക.

A. പരിമിതമായ വലിപ്പം

B. കടമകൾ സ്വയം ഏറ്റെടുക്കുന്നു.

C. സ്നേഹം, വാത്സല്യം, സുരക്ഷിതത്വബോധം

D. പരസ്പരവിശ്വാസം ഇല്ലായ്മ

ബി. അണുകുടുംബം, കൂട്ടുകുടുംബം എന്നിവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുക.

സി. നിങ്ങളുടെ കുടുംബം ഇവയിൽ ഏത് വിഭാഗത്തിൽപെടുന്നു? എന്തുകൊണ്ട്? വിശദീകരിക്കുക.

പ്രവർത്തനം - 4

എ. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വാർഷിക ബജറ്റ് അവതരിപ്പിക്കുന്നത് ഒരു സാമ്പത്തിക വർഷത്തേയ്ക്കാണ്. താഴെ പറയുന്നതിൽ ഏതു കാലയളവാണ് ഇന്ത്യയിൽ സാമ്പത്തികവർഷമായി കണക്കാക്കുന്നത്?

A. ജനുവരി 1 മുതൽ ഡിസംബർ 31 വരെ

B. ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ

C. ജൂൺ 1 മുതൽ മെയ് 31 വരെ

D. ജൂലൈ 1 മുതൽ ജൂൺ 30 വരെ

ബി. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ താഴെപറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

A. വരുമാനവും ചെലവും തുല്യം

B. വരുമാനം കുറവ്, ചെലവ് കൂടുതൽ

C. വരുമാനം കൂടുതൽ, ചെലവ് കുറവ്

D. ഇവയൊന്നുമല്ല.

സി. മിതവ്യയശീലം കുടുംബത്തിലെ എല്ലാ അംഗങ്ങളും ശീലമാക്കേണ്ടതാണ്. കുട്ടികൾക്ക് മിതവ്യയം ശീലമാക്കുന്നതിന്റെ ഭാഗമായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ കുറിക്കുക. (ആറെണ്ണത്തിൽ കുറയരുത്)

പ്രവർത്തനം - 5

എ. താഴെ തന്നിരിക്കുന്നവയിൽ ചരിത്രാതീതകാലവുമായി ബന്ധമില്ലാത്തത് ഏത്?

A. മൺപാത്രങ്ങൾ

B. താളിയോലകൾ

C. ശിലായുധങ്ങൾ


D. ഗുഹാചിത്രങ്ങൾ

ബി. വിദ്യാലയത്തിൽ സ്ഥാപിക്കാൻ പോകുന്ന ചരിത്രമ്യൂസിയത്തിലേക്ക് ശേഖരിക്കാവുന്ന സാധനങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കുക.

(കൃഷി, വീട്, കച്ചവടം, ഗതാഗതം, സമയം, അളവുകൾ, വസ്ത്രം, ആഭരണം, വിനോദം തുടങ്ങിയ മേഖലകൾ പരിഗണിക്കാം.)

സി. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വ്യക്തമാക്കുക. (ഏതെങ്കിലും രണ്ടു കാര്യം കുറിക്കുക).

പ്രവർത്തനം - 6




എ. സൂചനകളുടെ അടിസ്ഥാനത്തിൽ താഴെ തന്നിട്ടുള്ളവ പൂർത്തിയാക്കുക.

| മെസോപ്പൊട്ടേമിയൻ സംസ്കാരം | ഈജിപ്ഷ്യൻ സംസ്കാരം | ചൈനീസ് സംസ്കാരം | ഹാരപ്പൻ സംസ്കാരം |
|---|---|---|---|
| യൂഫ്രട്ടീസ് - ടൈഗ്രീസ് നദി | നൈൽ നദി | ...................... നദീതടം | ................ നദീതടം |
| ........................... ലിപി | ........................... ലിപി | വെങ്കല ശില്പങ്ങൾ | മഹാസ്നാനഘട്ടം |

ബി. വെങ്കലയുഗസവിശേഷതകളിൽ പെടാത്തത് ഏത്?

A. ചെമ്പിനേക്കാൾ കടുപ്പമേറിയ വെങ്കലമുപയോഗിച്ച് ആയുധങ്ങൾ നിർമിച്ചു.

B. കാർഷികോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായി.

C. പുതിയ കാർഷിക ഉപകരണങ്ങളുടെ നിർമാണവും ഉപയോഗവും വർദ്ധിച്ചു.

D. ഇരുമ്പു കൊണ്ടുള്ള ആയുധങ്ങൾ ഉപയോഗപ്പെടുത്തി.

പ്രവർത്തനം - 7

എ. രണ്ട് കുടുംബങ്ങളിലെ ജോലികളും അവ ആരൊക്കെയാണ് ചെയ്യുന്നതെന്നും താഴെ പട്ടികയായി കൊടുത്തിരിക്കുന്നു. ഇതിൽ ഏത് കുടുംബത്തിലെ രീതിയാണ് നിങ്ങൾക്ക് സ്വീകാര്യമായി തോന്നുന്നത്? എന്തുകൊണ്ട്?

A കുടുംബം

| ജോലികൾ | അമ്മ | അച്ഛൻ | മകൻ | മകൾ |
|---|---|---|---|---|
| ഭക്ഷണം തയാറാക്കൽ | ✓ | | | |
| ചെടികൾ നനയ്ക്കൽ | | ✓ | | |
| തുണി കഴുകൽ | ✓ | | | ✓ |
| മുറ്റം വൃത്തിയാക്കൽ | ✓ | | | |
| വീട് വൃത്തിയാക്കൽ | ✓ | | | ✓ |
| പാത്രം കഴുകൽ | ✓ | | | ✓ |
| സാധനങ്ങൾ വാങ്ങികൊണ്ടുവരൽ | ✓ | ✓ | ✓ | |

B കുടുംബം

| ജോലികൾ | അമ്മ | അച്ഛൻ | മകൻ | മകൾ |
|---|---|---|---|---|
| ഭക്ഷണം തയാറാക്കൽ | ✓ | ✓ | | |
| ചെടികൾ നനയ്ക്കൽ | | ✓ | ✓ | ✓ |
| തുണി കഴുകൽ | ✓ | ✓ | ✓ | ✓ |
| മുറ്റം വൃത്തിയാക്കൽ | | | ✓ | ✓ |
| വീട് വൃത്തിയാക്കൽ | ✓ | ✓ | ✓ | ✓ |
| പാത്രം കഴുകൽ | ✓ | ✓ | ✓ | ✓ |
| സാധനങ്ങൾ വാങ്ങികൊണ്ടുവരൽ | ✓ | ✓ | ✓ | ✓ |


ബി. സ്വന്തം കുടുംബത്തിലെ നിലവിലുള്ള അവസ്ഥ കൂടുതൽ മികച്ച രീതിയിൽ മാറ്റിയെടുക്കുന്നതിന് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? വിശദീകരിക്കുക.

പ്രവർത്തനം - 8


എ. ക്ലാസിൽ "എന്റെ വിദ്യാലയചരിത്രം" തയാറാക്കിയിട്ടുണ്ടാകുമല്ലോ? ഇതിന് ധാരാളം ചരിത്ര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടാവും. എന്റെ വിദ്യാലയ ചരിത്രരചനയ്ക്ക് സഹായകമായ ഒരു ചരിത്ര സ്രോതസ്സിന്റെ പേരെഴുതുക.

ബി. താഴെ തന്നിരിക്കുന്ന ചിത്രങ്ങൾ എന്തെല്ലാം? ഏതേതുകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A




B



സി. ചരിത്രാതീതകാലവും ചരിത്രകാലവും തമ്മിലുള്ള ഏതെങ്കിലും രണ്ട് വ്യത്യാസം എഴുതുക.

## മധ്യകാല ഇന്ത്യയിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ




(ഇന്ത്യയുടെ രൂപരേഖ പൂർത്തീകരിച്ച് ഉത്തരക്കടലാസിനൊപ്പം തിരികെ നൽകേണ്ടതാണ്.)

അവലംബം : പാഠപുസ്തകം ക്ലാസ് 6 ഭാഗം 1 സാമൂഹ്യശാസ്ത്രം പേജ് 25